**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലാ മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നെല്ലിയാനിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷൻ നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരവധി സർക്കാർ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയും ടൗണുകളിലെ സിവിൽ സ്റ്റേഷനുകൾ സ്ഥല പരിമിതികളാൽ വീർപ്പുമുട്ടുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സിവിൽ സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോറിൽ മോട്ടോർ വെഹിക്കിൾസ് (RTO), എൽ.എ (ജനറൽ) പാലാ ഓഫീസ്, ഇലക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുള്ളതും, ഇലക്ട്രിക്/വാട്ടർ സപ്ലൈ കണക്ഷനുകളും ഓഫീസ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ടി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ കണ്ടെത്തിയ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുമുണ്ട്. പ്രസ്തുത സിവിൽ സ്റ്റേഷനിലെ കോമൺ ഏരിയയിലേയ്ക്ക് വൈദ്യുതി, വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തഹസീൽദാർ സ്വീകരിച്ചിട്ടുള്ളതും നിർദ്ദിഷ്ട സിവിൽ സ്റ്റേഷനിലെ അവശേഷിച്ച പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് ആർ.ഡി.ഒ നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിന്റെ മറുപടി |

സെക്ഷൻ ഓഫീസർ